# ആനാട് ഗ്രാമപഞ്ചായത്ത്

ആനാട് പി ഒ
തിരുവനന്തപുരം,പിൻ-695541

ഫോൺ:-04722 802375 ഇ -മെയിൽ: anadgp@gmail.com


3799835-2026 തീയതി :06-07-2026

## ക്വട്ടേഷൻ പരസ്യം

ആനാട് ഗ്രാമപഞ്ചായത്തിൻറെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിൻറെ ഔദ്യോഗിക ആവശ്യത്തിനായി ഒരു വർഷത്തേയ്ക്ക് 6-10 സീറ്റിംങ് കപ്പാസിറ്റിയുള്ള വാഹനം പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | : അസിസ്റ്റന്റ് സെക്രട്ടറി, ആനാട് ഗ്രാമപഞ്ചായത്ത് |
| ഷെഡ്യൂൾ ലഭിക്കുന്ന അവസാന തീയതി | : 20.07.2026 ഉച്ചയ്ക്ക് 12 മണി വരെ |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | : 20.07.2026 ഉച്ചയ്ക്ക് 2 മണി വരെ |
| ക്വട്ടേഷൻ തുറക്കുന്ന സമയം | : 20.07.2026 ഉച്ചയ്ക്ക് 3 മണി |

**നിബന്ധനകൾ :**

- ഒരു മാസം 2000 കി.മീ. ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.(പരമാവധി 36000/-രൂപ) .അധിക നിരക്ക് കണക്കാക്കുന്നത് 3 മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്കായി തിരിച്ച് 6000 കി.മീ. അധികരിക്കുമ്പോഴായിരിക്കും. ആയതിന് 6000 കി.മീ. ദൂരം അധികരിച്ചുള്ള ഓരോ കിലോ മീറ്ററിനും ഉള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.
- താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരന് സ്വന്തം ചെലവിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്ക്കേണ്ടതാണ്.
- ഇന്ധനച്ചെലവ്, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ്, ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.
- വാഹനത്തിന് ടാക്സി പെർമിറ്റുൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്.
- കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെൻറില് നിന്നുള്ള പാൻകാർഡ് ഉണ്ടായിരിക്കേണ്ടതാണ്.
- വാഹനത്തിൻറെ രജിസ്ട്രേഷന് സർട്ടിഫിക്കറ്റ് , ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, ലൈസൻസ്, വാഹനത്തിൻറെ ടാക്സി പെർമിറ്റ് , ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പുക പരിശോധന സർട്ടിഫിക്കറ്റ് , ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ആധാര് കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ആഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുൻപ് നോട്ടീസ് നൽകി ഫൈൻ ഈടാക്കി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ആഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ ഓഫീസിലെ അടിയന്തിര സാഹചര്യം മൂലവും 7 ദിവസം മുൻപ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ആഫീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.
- വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും കാലപ്പഴക്കം 6 വർഷത്തില് അധിക്കരിക്കാത്തതും ആയിരിക്കണം
- ക്വട്ടേഷൻ താൽക്കാലികമായി അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ ഫിനാൻഷ്യൽ അംഗീകാരത്തിന് ശേഷം മാത്രമേ ക്വട്ടേഷൻ അന്തിമമായി അംഗീകരിക്കുകയുള്ളൂ.
- വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

- അവധിദിനങ്ങൾ ഉൾപ്പെടെ ഏതു ദിവസവും ആഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
- സാധാരണ പ്രവൃത്തി സമയം 8.30 am മുതൽ 5 pm വരെ ആയിരിക്കും.
- കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് ഉൾപ്പെട്ടിട്ടുള്ളതാണ്.
- ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.
- സ്കൂളിൽ നിന്നും പുറപ്പെട്ട് സ്കൂളിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.
- ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.
- ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.

അസിസ്റ്റന്റ് സെക്രട്ടറി,
ആനാട് ഗ്രാമപഞ്ചായത്ത്

അസിസ്റ്റന്റ് സെക്രട്ടറി
ആനാട് ഗ്രാമ പഞ്ചായത്ത് ഓഫീസ്
ആനാട്–പി.ഒ. തിരുവനന്തപുരം
ഫോൺ- 0472-2802375

ANAD GRAMA PANCHAYAT
Pin- 695 541
0472-2802375
Date..............

# ഹ്രസ്വകാല ക്വട്ടേഷൻ നോട്ടീസ്

ആനാട് ഗ്രാമപഞ്ചായത്ത്

| | | |
|---|---|---|
| ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് | : | |
| മേൽ വിലാസം | : | |
| ഫോൺ നമ്പർ | : | |
| വാഹനത്തിന്റെ തരം | : | |
| വാഹനത്തിന്റെ മോഡൽ | : | |
| വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | : | |
| വാഹനത്തിന്റെ രജിസ്ട്രേഷൻ തീയതി | : | |
| ഒരു മാസം 2000 കി.മീ. വരെ യാത്ര ചെയ്യുന്നതിന് ക്വാട്ട് ചെയ്യുന്ന തുക | : | |
| 3 മാസത്തിൽ ആകെ 6000 കിലോ മീറ്ററിൽ അധികരിച്ച ദൂരത്തിന് ക്വാട്ട് ചെയ്യുന്ന തുക (കിലോ മീറ്ററിന്) | : | |

സ്ഥലം :

തീയതി :

ഒപ്പ് :

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് :

മേൽ വിലാസം :